ദിവസക്കൂലി നിയമനം

15 [5158] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ദിവസക്കൂലി അടിസ്ഥാനത്തിലുള്ള നിയമനം സർക്കാർ നയമായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ സർക്കാർ ഡിപ്പാർട്ടുമെന്റുകളിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും വ്യാപകമായ നിയമനം നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം നിയമനത്തിന് സർക്കാർ നയപരമായ അനുവാദം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ദിവസക്കൂലി-കരാർ നിയമനങ്ങൾ അവസാനിപ്പിക്കാനും പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള തസ്തികകൾക്ക് പി. എസ്. സി. വഴിയും മറ്റുള്ളവയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകുക എന്നത് സർക്കാരിന്റെ നയത്തിൽപ്പെടുന്നതല്ല. പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള തസ്തികകൾക്ക് പി. എസ്. സി. വഴിയും മറ്റുള്ളവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുമാണ് നിയമനം നൽകിവരുന്നത്. എന്നാൽ ചില ഒഴിച്ചുകൂടാൻ വയ്യാത്ത അത്യാവശ്യ സന്ദർഭങ്ങളിൽ ദിവസക്കൂലിക്കും കരാർ അടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തിവരുന്നുണ്ട്.

കരാറടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ

16 [5159] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ തുടങ്ങിയവയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly